കേരള കലാമണ്ഡലത്തിലെ വൈസ് പ്രിൻസിപ്പാളിന്റെ നിയമനം

9 (1989) ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കലാമണ്ഡലത്തിൽ അടുത്തകാലത്ത് വൈസ് പ്രിൻസിപ്പാളിന്റെ തസ്തികയിലേക്ക് നിയമനം നടത്തിയോ എന്ന് അറിയിക്കുമോ ;

(ബി) എങ്കിൽ ആരെയാണ് നിയമിച്ചതെന്നും എന്ത് മാനദണ്ഡം ആണ് അവലംബിച്ചതെന്നും വ്യക്തമാക്കുമോ ;

(സി) കഥകളി വേഷത്തിന്റെ സീനിയർ മോസ്റ്റ് പ്രൊഫസർ ആരാണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇദ്ദേഹം കോടതിയെ സമീപിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കഥകളി വേഷം പ്രൊഫസറായ ശ്രീ. എം. രാജശേഖരനെ വൈസ് പ്രിൻസിപ്പാളിന്റെ ചുമതല താൽക്കാലികമായി ഏല്പിച്ചിട്ടുണ്ട്. സീനിയോറിറ്റിയാണ് ഇതിനുള്ള മാനദണ്ഡം.

(സി) ശ്രീ. എം. രാജശേഖരനാണ് കഥകളി വേഷത്തിന്റെ സീനിയർ മോസ്റ്റ് പ്രൊഫസർ.

(ഡി) ശ്രീ. രാജശേഖരൻ കോടതിയെ സമീപിച്ചിട്ടുണ്ട്. വിവിധ വിഭാഗങ്ങളിലെ പ്രൊഫസർമാർ തമ്മിലുള്ള സീനിയോറിറ്റിയാണ് തർക്കം. ഈ പ്രൊഫസർമാരുടെ സീനിയോറിറ്റി തർക്കം പരിശോധിച്ച് രണ്ട് മാസത്തിനുള്ളിൽ ഉചിതമായ തീരുമാനമെടുക്കാൻ കേരള കലാമണ്ഡലം സെക്രട്ടറിയോട് കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

ഫിലിം ഫെസ്റ്റിവൽ

10 (1990) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഫിലിം ഫെസ്റ്റിവലുകൾ നടത്തുന്നതിന്റെ മാനദണ്ഡം എന്താണെന്നും ആരുടെ ചെലവിലാണ് നടത്തുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഫെസ്റ്റിവലുകൾ നടത്തിയെന്നും ഓരോന്നിനും എന്തു തുക ചെലവായെന്നും അതിൽ സംസ്ഥാന സർക്കാരിന് മാത്രം ചെലവായതെത്രയാണെന്നും വ്യക്തമാക്കാമോ ;

(സി) ഫിലിംഫെസ്റ്റിവലുകളും അനുബന്ധിച്ചുള്ള ചലച്ചിത്രാവബോധ ശില്പശാലകളും എല്ലാ ജില്ലകളിലുമായി വികേന്ദ്രീകരിച്ച് നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly